# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP1/490 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP1/490 /2022 തീയ്യതി: 11/05/2022

## തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-02-2022 | 26-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-02-2022 | 26-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനിൽ കുമാർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ ജി ആർ ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീമതി ബിന്ദുലത ബി പി ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീ. ശ്രീജിത്ത് ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീ. രാജു എസ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വൈ. ലേഖ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ എസ് ഒ ഷാജികുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 29-12-2020 |
| ശ്രീ. എൻ എസ് നവനീത്കുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ എസ് ഒ ഷാജികുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീന എൽ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സന്ധ്യ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീ. ശിവകുമാർ | വി ഇ ഒ സർക്കിൾ നോർത്ത് | 01-04-2020 | 23-02-2021 |
| ശ്രീ. ജിനേഷ് | വി ഇ ഒ സർക്കിൾ നോർത്ത് ഇൻ ചാർജ്ജ് | 24-02-2021 | 31-03-2021 |
| ശ്രീ. ജിനേഷ് | വി ഇ ഒ സർക്കിൾ സൌത്ത് | 01-04-2020 | 31-03-2021 |
| ശ്രീ.പ്രദീപ് എസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. വിജയശ്രീ എം | ഐ സി ഡി എസ് സൂപ്പർവൈസർ | 03-06-2020 | 31-03-2021 |
| ശ്രീമതി വിജയറാണി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 02-06-2020 |
| ശ്രീമതി. സിന്ദു.വി ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. റീജ | ഹോമിയോ ഡിസ്പെൻസറി | 01-04-2020 | 31-03-2021 |
| ശ്രീമതി.സുമ എസ് പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലതകുമാരി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.അനുരാധ എ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: AnilKumar R (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Raju. S (Auditor, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Raju. S (Auditor, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 13-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-4 |
| 5 | ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 08-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Raju. S (Auditor, On 06-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 13-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-7 |
| 8 | എൻ.ആർ.ഇ.ജി.എസ് -നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും വരവ് ചെലവുകളുടെയും വിവരം.<br>Written By: Raju. S (Auditor, On 04-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-8 |
| 9 | വസ്തുനികുതി - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 08-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-9 |
| 10 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ.<br>Written By: Asha G R (Senior Grade Auditor, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-10 |
| 11 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-11 |
| 12 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക- അപാകതകൾ.<br>Written By: Asha G R (Senior Grade Auditor, On 08-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-12 |
| 13 | മരങ്ങളുടെ ലേലം - അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 08-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-13 |
| 14 | മാറ്റിവക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകതകൾ.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-14 |
| 15 | ബാങ്ക് നിക്ഷേപം - നടപടി സ്വീകരിക്കാത്തതിനാൽ പലിശ നഷ്ടപ്പെട്ടു.<br>Written By: Raju. S (Auditor, On 19-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-15 |
| 16 | സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-05-2022) | 1-16 |

| | | |
|---|---|---|
| 17 | സാമ്പത്തിക വർഷത്തിനു ശേഷമുള്ള ചെലവുകൾ - 7997/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-17 |
| 18 | സാക്ഷരതാ പ്രേരകിനു ഓണറേറിയം - 15,050/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-18 |
| 19 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ നൽകി.<br>Written By: Asha G R (Senior Grade Auditor, On 08-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-19 |
| 20 | തൊഴിൽ രഹിത വേതന വിതരണം -അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 08-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-20 |
| 21 | ലോൺ തിരിച്ചടവ് -വാർഷിക ധനകാര്യപത്രിക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Raju. S (Auditor, On 08-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-21 |
| 22 | ഇൻസന്റീവ് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.<br>Written By: Sosamma.S (Audit Officer, On 13-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-22 |
| 23 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - 807910/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 13-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-23 |
| 24 | മരുന്ന് ലഭ്യമായില്ല – 26083/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 13-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-04-2022) | 1-24 |
| 25 | ചെലവുരേഖകൾ /വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല- 118360/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-04-2022) | 1-25 |
| 26 | റോഡ് നിർമ്മാണത്തിൽ ഫോം വർക്ക് ചെയ്യാതെ ഫോം വർക്ക് നിരക്ക് നൽകി-1657/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 20-03-2022)<br>Last Updated By: Sreejith S K (Senior Grade Auditor, On 04-05-2022) | 1-26 |
| 27 | സൈഡ് വാൾ നിർമ്മാണത്തിൽ ഉയർന്ന നിരക്കിൽ തുക അനുവദിച്ചു-3675/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-27 |
| 28 | വിവിധ എക്സ്കവേഷൻ പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു-22,609/-രൂപയുടെ അധിക ചെലവ് വന്നതായി വിലയിരുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-28 |
| 29 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-29 |
| 30 | കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു- അങ്കണവാടികളുടെ ഭൌതിക സാഹചര്യം വർദ്ധിപ്പിക്കേണ്ടതാണ്.<br>Written By: Asha G R (Senior Grade Auditor, On 14-03-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | |
| 31 | സി.എഫ്.എൽ.റ്റി.സി-ക്കായി വാങ്ങിയ പുനരുപയോഗിക്കാവുന്ന ഉപകരണങ്ങൾ ഉപയോഗപ്രദമാക്കിയില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-31 |
| 32 | പകൽവീടുകൾ പ്രവർത്തിക്കുന്നില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-32 |
| 33 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായില്ല – 2,36,052/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-33 |
| 34 | കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങളിലെ അപാകങ്ങൾ.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-34 |
| 35 | വിനിയോഗ രേഖകൾ ലഭ്യമായില്ല – 494825/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-35 |
| 36 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - 1,25,999/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-36 |
| 37 | പദ്ധതി തുകയിൽ നിന്നും ഓണറേറിയം - 1,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-37 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ - വാങ്ങൽ നടപടികളിലെ അപാകങ്ങൾ - 12600/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 22-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Raju. S (Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തനങ്ങൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Sosamma.S (Audit Officer, On 29-04-2022)<br>Last Updated By: Sosamma.S (Audit Officer, On 29-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sosamma.S (Audit Officer, On 13-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Raju. S (Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sosamma.S (Audit Officer, On 13-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Raju. S (Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sosamma.S (Audit Officer, On 13-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Raju. S (Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Raju. S (Auditor, On 22-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Raju. S (Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-04-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 348500534/-രൂപയും പ്രതീക്ഷിത ചെലവ് 339524000/-രൂപയും നീക്കിയിരിപ്പ് 8976534/- രൂപയുമാണ്. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 27.03.2021-ലെ നമ്പർ (1) തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിലധികം തുക ചെലവഴിച്ചിരിക്കുന്നു.

| ഇനം | ബഡ്ജറ്റ് ഹെഡ്കോഡ് | ബജറ്റിൽ വകയിരുത്തിയ തുക | അക്കൗണ്ട് ഹെഡ് കോഡ് | ആർ പി പ്രകാരം ചെലവ് |
|---|---|---|---|---|
| ഓഫീസ് ചെലവുകൾ | 2201101 | 200000 | 220110101<br>220110102<br>220110103<br>220110104<br>220110199 | 277849 |
| കൃഷിയും അനുബന്ധമേഖലകളും-നെൽകൃഷി | 2501001 | 483500 | 250100101 | 800029 |
| കൃഷിയും അനുബന്ധമേഖലകളും - മറ്റ് വിളകൾ | 2501002 | 354800 | 250100201 | 766506 |
| സാക്ഷരത, തുല്യത പരീക്ഷ | 2510115 | 98500 | 251011501 | 532406 |
| വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ | 2511013 | 400000 | 251101301 | 307696 |
| മറ്റ് സാമൂഹിക സുരക്ഷിതത്വ പരിപാടികൾ | 2513012 | 100000 | 251301201 | 350848 |

2) ചില ഹെഡുകളിൽ ചെലവഴിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

| ഇനം | ബഡ്ജറ്റ് ഹെഡ്കോഡ് | ബജറ്റിൽ വകയിരുത്തിയ തുക | ആർപി പ്രകാരം ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| വാടക | 2201001 | 30000 | 0 |
| നികുതി | 2201003 | 10000 | 0 |
| വാട്ടർ ചാർജ്ജ് | 2301101 | 20000 | 0 |
| സംരക്ഷണവും അറ്റകുറ്റപണികളും -കുടിവെള്ളം | 2305003 | 500000 | 0 |
| സംരക്ഷണവും അറ്റകുറ്റപണികളും-വൈദ്യുതി | 2305007 | 25000 | 0 |
| കൃഷിയും അനുബന്ധമേഖലകളും-തെങ്ങ് കൃഷി | 2501009 | 200000 | 0 |
| കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ | 2501013 | 200000 | 0 |
| ശുദ്ധജല മത്സ്യകൃഷി | 2501049 | 1116600 | 0 |
| പ്രീപ്രൈമറി വിദ്യാഭ്യാസം | 2511001 | 180000 | 0 |
| യുവജനക്ഷേമം | 2511008 | 103393 | 0 |
| വനിത ക്ഷേമപരിപാടി | 2513009 | 300000 | 0 |
| തൊഴിലും തൊഴിലാളി ക്ഷേമവും | 2515001 | 435074 | 0 |
| ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള സേവനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 2516502 | 576860 | 0 |

3) ചില ഹെഡ്ഡുകളിൽ തുക വകയിരുത്താതെ ചെലവഴിച്ചതായി കാണുന്നു.

| ഇനം | അക്കൗണ്ട് ഹെഡ് കോഡ് (എ.എഫ്.എസ്) | ബജറ്റിൽ വകയിരുത്തിയ തുക | ആർ പി പ്രകാരം ചെലവ് |
|---|---|---|---|
| അറ്റകുറ്റപണികൾ-ജലസേചനം | 230500601 | 0 | 96329 |
| സംരക്ഷണവും അറ്റകുറ്റപണികളും-സ്ഥിര ആസ്തികൾ | 230509901 | 0 | 1067557 |
| മൃഗസംരക്ഷണം-അനുബന്ധ സൗകര്യങ്ങൾ | 250104101 | 0 | 50400 |
| മണ്ണ്, ജലസംരക്ഷണം | 250200101 | 0 | 2594535 |

| | | | |
|---|---|---|---|
| പ്രളയ നിയന്ത്രണം | 250200301 | 0 | 35616 |
| വിപണന പ്രോത്സാഹന പരിപാടികൾ | 250301601 | 0 | 1044612 |
| എസ്.എസ്.എ-മറ്റ് വിദ്യാഭ്യാസ പരിപാടികൾ | 251100601 | 0 | 300000 |
| സ്പോഴ്സ് -ജനറൽ | 251100701 | 0 | 103393 |
| ആരോഗ്യവും അനുബന്ധപ്രവർത്തനങ്ങളും | 251200301 | 0 | 110000 |
| പൊതുശുചിത്വവും, മാലിന്യപരിപാലനവും | 251202601 | 0 | 81600 |
| വൈദ്യുതീകരണം | 251300401 | 0 | 115999 |
| പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പരിപാടി | 251301102 | 0 | 49930 |
| വനിത – ശിശുക്ഷേമ പരിപാടികൾ | 251400101 | 0 | 299679 |
| ലെയിനുകൾ | 252200201 | 0 | 216942 |
| പശ്ചാത്തലമേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ | 252201201 | 0 | 399430 |
| മറ്റ് പ്രവൃത്തികൾ - പാർശ്വഭിത്തി | 252310202 | 0 | 449770 |
| അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി | 253100401 | 0 | 608226 |
| കുടിവെള്ളത്തിനുള്ള പണം നൽകൽ | 253101401 | 0 | 480375 |
| റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ | 255100101 | 0 | 1922402 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-2/2022-ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 22.06.2021 |

വാർഷിക ധനകാര്യ പത്രിക-അപാകങ്ങൾ

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തിയിട്ടില്ല.

2. 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ആയതും, നോട്ട്സ് ഓൺ അക്കൌണ്ടും ഡി.സി.ബി സ്റ്റേറ്റ്മെന്റും ഉൾപ്പെടുത്തിയിട്ടില്ല.

3. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (387954/-)- എന്നത് Net Increase *Decrease In Cash And Cash Equivalents (362864/-)* മായി പൊരുത്തപ്പെടുന്നില്ല.

4. 2020-21 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. ആയത് വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

5. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായയിനത്തിൽ 25-8-2020-ലെ 21-ാം നമ്പർ ബിൽ പ്രകാരം 90000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രസ്തുത ചെലവ് സാധൂകരിക്കുന്നു. എന്നാൽ പ്രസ്തുത ചെലവ് വാർഷിക ധനകാര്യപത്രികയിലെ RP-7, I(6), I(14 D) എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

6. 2021-21 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ-ടെണ്ടറിൽ നിന്നുള്ള ഫാറവില ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾപ്പെടിത്തിയിട്ടില്ല.

7. ഹഡ്കോ ലോൺ വായ്പാ രജിസ്റ്ററിൽ ലോൺ തിരിച്ചടവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി നീക്കിയിരിപ്പ്

ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

8. ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട്ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം എന്നിവയുടെ മാർച്ച് മാസത്തിലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. തൊഴിൽരഹിത വേതനയിനത്തിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 15.9.2020-ലെ ബിൽ നം.24-പ്രകാരം 112920/-രൂപ മാത്രം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ പ്രസ്തുത ചെലവ് 407400/-രൂപയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകയുടെ ചെലവ് വിവരം റസീപ്റ്റ് & പേമെന്റ് ഹെഡിൽ പ്രത്യേകമായി ബുക്ക് ചെയ്തിട്ടുമില്ല.

10. 2020-21 വർഷത്തിലെ ബാലൻസ് ഷീറ്റ് B-17 പ്രകാരം (SPL TSB 079/2818) പ്രകാരം ബാലൻസ് 1187506/-രൂപയാണ്. എന്നാൽ B-4 പ്രകാരം 3641285/-രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

12. B-9 Schedule പ്രകാരമുള്ള ഹെഡ്ഡ് കോഡ് നം 350800299 പ്രകാരമുള്ള നീക്കിയിരിപ്പ് ഏതിനത്തിലുള്ളതാണെന്ന് വിശദീകരിച്ചിട്ടില്ല..

13. ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ്ഷീറ്റ് B-14 Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല.

14. ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക, ലേലം എന്നിവയുടെ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പ്രകാരമുള്ള പ്രസ്തുത വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസുകളുടെ ആധികാരികത ആയതിനാൽ ഉറപ്പാക്കാനായിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, വാർഷിക ധനകാര്യപത്രികയിൽ ഗ്രാമപഞ്ചായത്തിന്റെ എല്ലാ വരവ് ചെലവുകളും ഉൾപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാനും ശ്രദ്ധ നൽകേണ്ടതുമാണ്.

15. 2020- 21 വർഷത്തിൽ MGNREGS-ന് 2241659.5/-രൂപ ലഭിച്ചതായും തിരികെ നൽകിയത് 1753491/-രൂപയും ബാലൻസ് ഇനത്തിൽ 488168.5/-രൂപയും ഉള്ളതായി സ്റ്റേറ്റ്മെൻറ് പ്രകാരം വ്യക്തമാകുന്നു. എന്നാൽ എ.എഫ്.എസ് B18 പ്രകാരം 548856/-രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 21/22-ന് നൽകിയ അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ സ്റ്റേറ്റ്മെൻറ് പ്രകാരം 488168.5/-രൂപയും എ.എഫ്.എസ് B18 പ്രകാരമുള്ള 548856/-രൂപയും തമ്മിലുള്ള വ്യത്യാസം 60688.5/-രൂപയാണെന്നും ആയത് പ്രിന്റിംഗ് ചാർജിനത്തിലുള്ള 1800/-രൂപയും ടെലിഫോൺ ഇനത്തിലുള്ള 50/-രൂപയും NREGS-ലെ A.E-യ്ക്ക് നൽകിയ ഡിഫേഡ് സാലറിയും ആണെന്നും, ബാക്കിയുള്ള 32087.5/-രൂപ മുൻവർഷങ്ങളിൽ Advance To Others B-18 എന്ന ഹെഡിൽ തെറ്റായി തുക രേഖപ്പെടുത്തിയതിലെ വ്യത്യാസവുമാണ് നിലനിൽക്കുന്നതെന്ന് അറിയിച്ചു. മറുപടി തൃപ്തികരമല്ലാത്തതിനാൽ 32087.5/-രൂപ കൃത്യമായ ഹെഡിൽ ക്രമീകരിക്കേണ്ടതും എ.എഫ്.എസ്-ൽ ആവശ്യമായ മാറ്റം വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

16) ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ പബ്ലിക് അഡ്രസിംഗ് സിസ്റ്റം നടപ്പാക്കുന്നതിനായി 55000/- രൂപ പൊതുമരാമത്ത് ഇലക്ട്രിക്കൽ സെക്ഷനിൽ ഒടുക്കിയിട്ടുണ്ട്. നിക്ഷേപ പ്രവൃത്തിയായി നിർവഹിച്ചിട്ടുള്ള പ്രസ്തുത ചെലവ് വാർഷിക കണക്കിലെ ബന്ധപ്പെട്ട ഹെഡിൽ (B18) ഉൾപ്പെട്ടിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗം .

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11635164 | 11635164 | 17021250 | -5386086 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 11419701 | 11419701 | 9871872 | 1547829 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 40721 | 40721 | 55327 | -14606 |
| Maintenance Fund (Non Road) | 0 | 5113748 | 5113748 | 5095104 | 18644 |
| Maintenance Fund (Road) | 0 | 3100000 | 3100000 | 3091189 | 8811 |

| | | | | | |
|---|---|---|---|---|---|
| Development Fund (CFC Tied)) | 0 | 6740000 | 6740000 | 4055176 | 2684824 |
| Development Fund (CFC United) | 0 | 12261349 | 12261349 | 9829101 | 2432248 |
| CSS | 0 | 0 | 0 | 3241693 | -3241693 |
| SSS | 0 | 0 | 0 | 1880000 | -1880000 |

1.വിനിയോഗിച്ച തുകകൾ എ.സി.ആർ-മായി പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് മൈനസ് ആയത് കൃത്യമായി വിശദീകരിച്ചിട്ടില്ല.

A.വികസനഫണ്ട് (ജനറൽ) ACRപ്രകാരമുള്ള ചെലവ് 11347164/- രൂപയാണ്.

B.വികസനഫണ്ട് (SCP) ACRപ്രകാരമുള്ള ചെലവ് 9593794/- രൂപയാണ്.

C.വികസനഫണ്ട്(റ്റി.സി.പി)ചെലവ് എ.സി ആർ പ്രകാരമുള്ള ചെലവ് തുക 40700/- രൂപയാണ്.

D.വികസനഫണ്ട് (CFC-tied) ചെലവ് എ.സി ആർ പ്രകാരമുള്ള ചെലവ് തുക 9829101/- രൂപയാണ്.

E.വികസനഫണ്ട് (CFC-Untied) ചെലവ് എ.സി ആർ പ്രകാരമുള്ള ചെലവ് തുക 4055176/- രൂപയാണ്.

F.CSS ഗ്രാന്റിന്റെ ചെലവ് പരിശോധിക്കാൻ എ.സി.ആർ ഹാജരാക്കിയിട്ടില്ല.

കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ലഡ്ജർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനായി ലഡ്ജർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. തുകകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.ഗ്രാന്റ് യൂട്ടിലൈസേഷൻ - മറ്റ് അപാകതകൾ

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു .

A)വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളും പ്രത്യേകാവശ്യ ഗ്രാന്റുകളും 2019-20 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഗ്രാന്റ് ഇനം | 2019-20-ൽ അവശേഷിച്ച തുക | 2020-21-ൽ ചെലവഴിക്കാതെ അവശേഷിച്ച തുക |
|---|---|---|---|
| 320100115 | Total Sanitation | 229920/- | 229920/- |
| 320100119 | WGDP | 1740/- | 1740/- |
| 320100121 | ICDS | 1706247/- | 1995503/- |
| 320100204 | Local Area D | 0 | 17978/- |
| 320200308 | Library Grant | 15580/- | 870/- |
| 320200322 | Suchithwa Mission | 660474/- | 1655344/- |
| 320200323 | Keralolsavam | 20000/- | 20000/- |
| 320300103 | Total Sanitation | 608015/- | 608015/- |
| 320300199 | Other Govt Agencies | 41800/- | 654037/- |
| 320400199 | Other Finacial Institutions | 9562/- | 9562/- |

| | | | |
|---|---|---|---|
| 320700104 | Joint Venture-from Block Panchayath | 105775/- | 105775/- |
| 320700204 | ,, | 1812180/- | 1626431/- |
| 320700205 | Joint Venture-from District Panchayath | 172315/- | 172315/- |
| 320700404 | Joint Venture-from Block Panchayath | 495964/- | 695964/- |
| 320700405 | Joint Venture-from District Panchayath | 40800/- | 1040800/- |
| 320800101 | Beneficiary Contribution | 65805/- | 65805/- |
| 320800299 | Donation To Flood | 2000/- | 2000/- |
| 320900101 | Nirmal Puraskar | 189537/- | 189537/- |
| 320900299 | Other Awards From State Govt. | 300000/- | 300000/- |
| 320200301 | Recoveries Payable-covid | 0 | 201894/- |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിച്ചില്ലായെങ്കിൽ പ്രസ്തുത തുകകൾ അനുവദിച്ച സ്ഥാപനങ്ങൾക്ക തന്നെ തിരികെ നൽകേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

3.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം -അപാകങ്ങൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

A.ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക

| ഹെഡ് കോഡ് | 2019-20-ൽ അവശേഷിച്ച തുക | 2020-21-ൽ അവശേഷിച്ച തുക |
|---|---|---|
| 320700104 | 105775 | 105775 |
| 320700204 | 1812180 | 1626431 |
| 320700404 | 495964 | 695964 |

B.ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക

| ഹെഡ് കോഡ് | 2019-20-ൽ അവശേഷിച്ച തുക | 2020-21-ൽ അവശേഷിച്ച തുക |
|---|---|---|
| 320700205 | 172315 | 172315 |
| 320700405 * | 40800 | 1040800 |

*320700405 എന്ന ഹെഡിൽ ജില്ലാ പഞ്ചായത്തിൽ നിന്നും MGNREGS-ന് ലഭിച്ച തുകയാണെന്നും, പ്രസ്തുത തുക MGNREGS-ന്റെ SBI അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതായും ആയത് ട്രഷറി അക്കൌണ്ടിൽ സൂക്ഷിച്ചിട്ടില്ലായെന്നും അന്വേഷണകുറിപ്പ് 24/22-ന് ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4.ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു .

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതമായ 65805/-രൂപ

ഏതിനത്തിലുള്ളതാണെന്ന് ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24-ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ കാണപ്പെടുന്ന തുക 2018-19-ൽ ചെലവഴിച്ച തുകയും സാംഖ്യയിൽ ചെലവായി കാണിച്ച തുകയും തമ്മിലുള്ള വ്യത്യാസം ആണെന്ന് വിശദീകരിച്ചത് അംഗീകരിക്കാവുന്നതല്ല. നിലനിൽക്കുന്ന തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകാനുള്ളതാണെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രത്യേക വികസനപ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകകൾ സമയബന്ധിതമായി വിനിയോഗിക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്. അപാകങ്ങൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് .

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 195691046 | 197 | 67572799 | - | 38 | 84 |

തൻവർഷം നടപ്പാക്കുന്നതിന് 235 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 197 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 84% പ്രോജക്ടുകൾ പൂർത്തിയാക്കിയെങ്കിലും വകയിരുത്തിയ തുകയുടെ 35% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

## 1-5 ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 112920 | 158 |
| കർഷക തൊഴിലാളി പെൻഷൻ | 13219800 | 714 |
| വിധവ പെൻഷൻ | 22397800 | 1122 |
| വാർദ്ധക്യകാല പെൻഷൻ | 39848200 | 2094 |
| വികലാംഗ പെൻഷൻ | 7857300 | 397 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 433200 | 22 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022 തീയതിയിൽ 11 AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1304/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഓർഡർ മുഖേന ജോലി വിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2) ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) ഗ്രാമപഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനായി ജനറൽ കമ്മിറ്റി എടുത്ത വിവധ തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

6) ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

7) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8) ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

9) മരുന്നുവാങ്ങൽ പദ്ധതികൾക്കായി തുക മുൻകൂറായി ഒടുക്കുന്നുണ്ടെങ്കിലും മരുന്ന് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 എൻ.ആർ.ഇ.ജി.എസ് -നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും വരവ് ചെലവുകളുടെയും വിവരം.

1. 2020- 21-ൽ വിഭാവനം ചെയ്ത പദ്ധതികൾ -3713

2. 2020- 21-ൽ വിഭാവനം ചെയ്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ -313

3. 2020- 21-ൽ വിതരണം ചെയ്ത തൊഴിൽ കാർഡുകൾ -335

4. 2020- 21-ൽ സൃഷ്ടിച്ച തൊഴിൽ തൊഴിൽ ദിനങ്ങൾ എത്ര-264726

| സ്ത്രീ. | പുരുഷൻ | ആകെ |
|---|---|---|
| 230222 | 34504 | 264726 |

| പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|
| 49453 | 0 | 49453 |

5. 2020- 21-ൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം-3474

6. 2020- 21-ൽ 100 തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം-1405

7. തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത വിവരം- തൊഴിൽ രഹിത വേതനം നൽകിയിട്ടില്ല.

8. 2020- 21-ൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികളുടെ വിവരം (രൂപയിൽ)-11042125

9. സോഷ്യൽ ആഡിറ്റ് നടത്തിയതിന്റെ വിവരം-2020-21-ൽ പൂർത്തികരിച്ചു.

10. പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | 122 | 59536725 |

| | | | |
|---|---|---|---|
| 2 | വരൾച്ച തടയൽ, വനവൽക്കരണം. | 1 | 57116 |
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം. | 6 | 1075791 |
| 4 | നടപ്പാത | 15 | 2337993 |
| 5 | വ്യക്തിഗത ആസ്തികൾ | 169 | 26068248 |

11. തൊഴിലുറപ്പ് പദ്ധതി വരവ്, ചെലവ് വിവരം.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 89075873 | 89075873 | 89075873 | 0 |
| 100 ദിനങ്ങൾ പൂർത്തിയായവർക്കുള്ള ബോണസ് | 0 | 1018000 | 1018000 | 1018000 | 0 |
| ആകെ | | 90093873 | 90093873 | 90093873 | |

12. 2020-21 വർഷത്തിൽ അഡ്വാൻസായി ലഭിച്ച തുക, തിരികെ നൽകിയ തുക, ബാലൻസ് എന്നിവയുടെയും വിവരം ലഭ്യമാക്കേണ്ടതാണ്.

| അഡ്വാൻസായി ലഭിച്ച തുക | തിരികെ നൽകിയ തുക | ബാലൻസ് |
|---|---|---|
| 2241659.5 | 1753491 | 488168.5 |

## 1-9 വസ്തുനികുതി - അപാകതകൾ

വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ, നമ്പറിംഗിനുള്ള അപേക്ഷകൾ, മറ്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) വസ്തുനികുതിയിനത്തിലെ ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ.

| ഇനം | സഞ്ചയ പ്രകാരം | | | ധനകാര്യപത്രിക പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി റസിഡൻഷ്യൽ | 1598579 | 1574334 | 0 | 1657704 | 1652516<br>5188<br>(Advance) | 0 |
| വസ്തുനികുതി നോൺ റസിഡൻഷ്യൽ | 1067133 | 999019 | 62035 | 790056 | 790056 | 0 |

വസ്തുനികുതിയിനത്തിൽ തൻവർഷം കിട്ടാനുള്ള തുകയായ 62,035/- രൂപയുടെ വിശദാംശങ്ങൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

(ബി) സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യ കെട്ടിട ത്തെ 100 ച.മീറ്ററിൽ കുറവ് തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്തിരിക്കുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര്, വിലാസം | ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|
| 10/314/A | ബിജു , ബിന്ദു നിവാസ്, മേക്കൊല്ല | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 125 ച മീ |
| 10/314/A | ബിജു , ബിന്ദു നിവാസ്, മേക്കൊല്ല | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 125 ച മീ |

ഗ്രാമപഞ്ചായത്തിലെ 100 ച. കൂടുതൽ കുറവ് വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 65/- രൂപയായിരിക്കെ ച.മീറ്ററിന് 50/- രൂപ നിരക്കിലാണ് മേൽ കെട്ടിത്തിന് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്.

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണയിക്കേണ്ടതും തനത് ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതുമാണ്.

<u>(സി) വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ്.</u>

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സഞ്ചയ പ്രകാരം ആകെ 159 കെട്ടിടങ്ങൾക്കാണ് ഈയിനത്തിൽ നികുതി ഇളവ് നൽകിയിരിക്കുന്നത്.

ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ.

| കെട്ടിട നം | അപേക്ഷകന്റെ പേര് | അപാകത |
|---|---|---|
| 4/13 | രാമചന്ദ്രൻ നായർ | വീടിന്റെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ ഇളവിന് അർഹതയില്ലായെന്ന് റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ഇളവ് നൽകിയിരിക്കുന്നു. |
| III/146 | മൊമിത പ്രദീപ് | അപേക്ഷകന്റെ സർവീസ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇളവിന് അർഹതയില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ഇളവ് നൽകിയിരിക്കുന്നു. |
| III/465 | രാജൻ ബി | അപേക്ഷ പരിശോധിച്ച് ശരിയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ നികുതി ഒഴിവാക്കിയിട്ടില്ല. |

(ഡി) 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിൽ ഇപ്രകാരമുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 42/26.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

(എ) ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

2019-20 വർഷത്തെ ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന ചില കെട്ടിടങ്ങളുടെ ഫാക്ട്യോസ് ലൈസൻസ് 2020-21 വർഷം പുതുക്കി നൽകിയിട്ടില്ല.

വിശദാംശം ചുവടെ.

| കെട്ടിട നം | ഡി ആന്റ് ഒ ലൈസൻസി പേര്, ഉപയോഗം |
|---|---|
| XIV/512 | ജോസഫ് പ്രേമാൾ ആനക്കുന്ന് , ഡയറിഫാം |
| XIV/575 | രതീഷ് എച്ച്, ആട്ടോ വർക്ക് ഷോപ്പ് |
| XIV/10 | ജോർജ് എച്ച്, ജോബി സാമിൽ |
| XIV/186 | കെ സുന്ദരേശൻ നായർ, ആനന്ദ് ഇൻഡസ്ട്രീസ് |
| XIV/551 | ഷാജിമോൾ കെ മൊബൈൽ ഫോൺ സെയിൽസ് |
| XIV/148 | നിതിൻ വി എൽ, വജ്ര എന്റർപ്രൈസസ് |
| XIV/510 | എ ആൽബർട്ട്, ഇന്ദു മെഡിക്കൽസ് |
| X/199 | ശിവകുമാരി എൻ എൻ, ടെക്സ്റ്റയിൽസ് |
| X/311 | ഷൈലജ, ഫോട്ടോസ്റ്റാറ്റ് |
| X/200 | സുരേന്ദ്രൻ, ബേക്കറി |
| X/201 | രതീഷ്, പലവ്യഞ്ജനക്കട |
| X/205,206 | രാജൻ, ബാർബർ ഷോപ്പ് |
| X/210 | ഷാലു, പ്രസ്, ഫോട്ടോസ്റ്റാറ്റ് |
| X/211 | അജിത്ത്, പലവ്യഞ്ജനക്കട |
| X/212 | വിജേഷ്, റേഷൻകട |
| X/235A | സദാനന്ദൻ, പലവ്യഞ്ജനക്കട |

(ബി) ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിൽ ആകെ 16 വാർഡുകളാണ് ഉള്ളത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ട്രേഡേഴ്സ് രജിസ്റ്ററിൽ ആകെ 14

വാർഡുകളുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. രജിസ്റ്റർ അന്തിമമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം വാർഡ് നം.14 (ഉദിയൻകുളങ്ങര) -ൽ 71 വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 34 സ്ഥാപനങ്ങൾ മാത്രമാണ് 2020-21 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കേണ്ടതും ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/23.02.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) അസ്സസ്സ്മെൻറ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്സ്മെൻറ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത്രാജ് (നികുതി ചുമത്തലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ സൂക്ഷിക്കണം. എന്നാൽ സ്ഥാപനത്തിൽ ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(ബി) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ചുവടെപറയുന്ന മിൽക്ക് സൊസൈറ്റികളിൽ നിന്നും 2019-20 സാമ്പത്തിക വർഷം സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കൊല്ലയിൽ ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |
| 2 | പറക്കോട്ടുകോണം ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |
| 3 | മേലേ പൂവത്തൂർ ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |
| 4 | മഞ്ചവിളാകം ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |
| 5 | വടകര ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |
| 6 | കൊക്കിടിയിൽ ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |
| 7 | പറക്കോട്ടുകോണം ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |
| 8 | മഞ്ചവിളാകം ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.18/22.02.2022-ന് പഞ്ചായത്ത് പരിധിയിലുള്ള മിൽക്ക് സൊസൈറ്റികളിൽ നിന്നു സ്ഥാപന നികുതി ഈടാക്കുന്നതിന് ഉടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. . ഉടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) റേഷൻ കടകൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ച നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/23.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ CSA-764-2019-ാം നമ്പർ കത്തു പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 കെട്ടിടങ്ങളിൽ നിന്നുള്ള വാടക- അപാകതകൾ.

പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും വാടകയിനത്തിൽ ലഭിക്കുന്ന തുക സംബന്ധിച്ച രജിസ്റ്ററിലെ വിവരങ്ങൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ

| Rent From Buildings | മുന്നിരിപ്പ് | | വരവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | അരിയർ | കറണ്ട് | അരിയർ | കറണ്ട് | അരിയർ | കറണ്ട് |
| ധനകാര്യപത്രിക പ്രകാരം | 12148 | 277893 | 38583 | 250717 | 0 | 27176 |
| രജിസ്റ്റർ പ്രകാരം | 0 | 369374 | 0 | 325082 | 0 | 44292 |

രജിസ്റ്ററിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന 44,292/-രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ധനകാര്യപത്രികയിൽ 27,176/-രൂപയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കി തുക വരും വർഷങ്ങളിൽ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 29/24.02.2022) മറുപടി ലഭ്യമാക്കി.

വാടക രജിസ്റ്റർ കാലികമാക്കി സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതും വാടകയിനത്തിൽ തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങളും റവന്യൂറിക്കവറി നടപടിപ്രകാരം ഈടാക്കിയ തുകയുടെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 മരങ്ങളുടെ ലേലം - അപാകതകൾ

(എ) നശിച്ചുപോയ ആഞ്ഞിലിമരം ലേലനടപടിയിൽ നിന്നും ഒഴിവാക്കിയതിന് ഭരണസമിതി അംഗീകാരമില്ല.

കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ദേവേശ്വരം വാർഡിൽ 2 ആഞ്ഞിലി മരങ്ങൾ കടപുഴകി വീണതിന്റെ വാല്വേഷൻ എടുക്കുന്നതിന് എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തികൊണ്ട് 22.11.2019-ൽ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ (എൽ എസ് ജി ഡി ) പ്രസ്തുത ആഞ്ഞിലി മരങ്ങൾക്ക് 39,476/- വാല്വേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഒരു ആഞ്ഞിലിമരം പ്രകൃതിക്ഷോഭം കാരണം പൊടിഞ്ഞ് നശിച്ച് പോയതിനാൽ പുനർ-വാല്യുവേഷൻ നടത്തി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് മെമ്പർ (ശ്രീ പി മോഹൻകുമാർ) കത്ത് നൽകിയിരിക്കുന്നു. പ്രസ്തുത കത്തിൽ ഫയൽ നം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (എ3/2287/2020 തീയതി 03.06.2020) കത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. തുടർന്ന് 04.06.2020-ൽ സോഷ്യൽ ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയ കത്തിൽ ഒരു ആഞ്ഞിലി മരം ലേലം ചെയ്യുന്നതിനാവശ്യമായ അനുമതിയും വാല്യുവേഷനും മാത്രമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത മരത്തിന് 23,547/- രൂപയ്ക്കാണ് വനം വകുപ്പിൽ നിന്നും വാല്യുവേഷൻ ലഭ്യമായിട്ടുള്ളത് (എസ് എഫ് എ2/1418/20 തീയതി 07.08.2020). എന്നാൽ രണ്ടാമത്തെ മരം എന്തുകൊണ്ട് ഒഴിവാക്കി എന്നതിന് ഒരു ആധികാരിക രേഖയും ലഭ്യമാക്കിയിട്ടില്ല.

ഒരു ആഞ്ഞിലി മരം നശിച്ചുപോയി എന്ന മെമ്പറുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ നടത്തിയ രണ്ട് ആഞ്ഞിലിമരത്തിൽ നിന്നും ഒരെണ്ണം ഒഴിവാക്കി ഒരു മരത്തിന് മാത്രം വനംവകുപ്പിന്റെ വാല്യുവേഷന് അപേക്ഷിച്ചത്. വാല്വേഷനിൽ 15,929/- രൂപയുടെ വ്യത്യാസമുണ്ട്. എന്നാൽ ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിയോ, ഭരണസമിതിയോ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമല്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/24.02.2022) ലഭ്യമാക്കിയ മറുപടിയിൽ 03.06.2020-ലെ ( പുതുതായി വിവരങ്ങൾ എഴുതിചേർത്തതായും മിനിട്സ് തിയതി തിരുത്തിയിരിക്കുന്നതായും കാണുന്നു.) സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരമാണ് ലേല നടപടികൾ പൂർത്തിയാക്കിയിരിക്കുന്നതെന്ന് മറുപടി നൽകി. എന്നാൽ പ്രസ്തുത ശുപാർശ പഞ്ചായത്ത് ഭരണസമിതി

പരിഗണിച്ചതിന്റെയോ അംഗീകരിച്ചതിന്റെയോ രേഖകൾ ലഭ്യമല്ല. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടും സുതാര്യമായും ലേലനടപടികൾ പൂർത്തിയാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഒഴിവാക്കപ്പെട്ട മരത്തിന്റെ വാല്വേഷൻ ആധികാരികമായി നടത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(ബി) വനവികസന നികുതിയിനത്തിൽ ലഭ്യമായ തുക സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ മരങ്ങളുടെ ലേലത്തിന്റെ ഭാഗമായി വനവികസന നികുതിയിനത്തിൽ ലഭ്യമായ തുക 10185/-രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല. (ലെഡ്ജർ ബുക്ക് 350300199 – Government And Other Dues Payable).

പ്രസ്തുത തുക രണ്ട് ദിവസത്തിനുള്ളിൽ തന്നെ സർക്കാരിലേയ്ക്ക് അടവാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 29/24.02.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(സി) മരങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ധനകാര്യപത്രിക പ്രകാരം മരങ്ങളുടെ ലേലമിനത്തിൽ 2,06,100/-രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലേലം ചെയ്ത മരങ്ങളുടെയും ലേലം ചെയ്യാനവശേഷിക്കുന്നവയുടെയും വിവരവും ലേലമിനത്തിൽ ലഭിച്ച വരവിന്റെ കൃത്യതയും പരിശോധിക്കാനായിട്ടില്ല. അപാകത പരിഹരിക്കേണ്ടതും രജിസ്റ്റർ കാലികമായി തയാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 മാറ്റിവക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകതകൾ.

സ.ഉ.(അച്ചടി) നം. 46/2020/ധന തീയതി 23.04.2020-ൽ പ്രകാരം സർക്കാർ ജീവനക്കാർ, അധ്യാപകർ തുടങ്ങിയ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളം 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലായി 5 ഗഡുക്കളായി മാറ്റി വക്കുന്നതിനു നിർദ്ദേശിച്ചിരുന്നു. കൂടാതെ, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ട് ശമ്പളം പിൻവലിക്കാത്ത വിഭാഗം ജീവനക്കാരുടെ മാറ്റിവക്കപ്പെട്ട ശമ്പളം, ഒരു പ്രത്യേക എസ്.റ്റി.എസ്.ബി. അക്കൌണ്ടിൽ ഒരാഴ്ചക്കുള്ളിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സ.ഉ.(കൈ)നം.73/2020/തസ്വഭവ തീയതി 05.05.2020 ഉത്തരവിലൂടെ തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ ഒരു മാസത്തെ ഓണറേറിയം ഏപ്രിൽ മുതൽ നാലു ഗഡുക്കളായി ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥിര ജീവനക്കാർ, ടെക്നിക്കൽ അസിസ്റ്റന്റ്, എം.എൻ.ആർ.ഇ. ജി.എസ് ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ തുടങ്ങിയവരിൽ നിന്നും മാറ്റി വക്കപ്പെട്ട ശമ്പളമിനത്തിൽ ഗ്രാമപഞ്ചായത്ത് ആകെ 8,05,853/- രൂപ ഇതിലേക്കായി ആരംഭിച്ച എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ (നം. 799012900000438) ഒടുക്കുവരുത്തിയിട്ടുണ്ട്.

സ.ഉ.(അച്ചടി) നം. 43/2021/ധന തീയതി 26.02.2021 പ്രകാരം, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവക്കപ്പെട്ട ശമ്പളം 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലായി 5 ഗഡുക്കളിലായി തിരികെ അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവക്കപ്പെട്ട തുക ഗഡുക്കളായി തിരികെ അനുവദിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും, ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന മാറ്റിവച്ച ശമ്പളം ഗ്രാമപഞ്ചായത്തിന്റെ റ്റി.എസ്.ബി തനതു അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു ലഭ്യമായപ്പോൾ പ്രസ്തുത തുക ഒറ്റതവണയായിതന്നെ ചുവടെ ചേർക്കും പ്രകാരം ഒറ്റതവണയായി ജീവനക്കാർക്കു അനുവദിക്കുകയുണ്ടായി.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 522744 | 24.03.2021 | 348203 |
| 522745 | 24.03.2021 | 94469 |
| 660671 | 24.03.2021 | 69833 |
| 660672 | 24.03.2021 | 53834 |

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/24.02.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാറ്റിവക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ തിരികെ അനുവദിച്ചതിന് സർക്കാർ സാധൂകരണം നേടേണ്ടതും, ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-15 ബാങ്ക് നിക്ഷേപം - നടപടി സ്വീകരിക്കാത്തതിനാൽ പലിശ നഷ്ടപ്പെട്ടു.

ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് നിക്ഷേപിക്കാൻ വേണ്ടി 31-3-2004 -ൽ കേരളാ സ്റ്റേറ്റ് കോ.ഓപ്പറേറ്റീവ് ബാങ്കിൽ (കേരളാ ബാങ്ക്)020021201200016- നമ്പരായി സേവിംഗ്സ് അക്കൌണ്ട് തുടങ്ങുകയും 20-7-2013-ൽ 220583.94/-രൂപ ബാലൻസ് പാസ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2019-20-ലെ എ.എഫ്.എസ്-ലും, 2020-21-ലെ എ.എഫ്.സി-ലും പ്രസ്തുത അക്കൌണ്ടിൽ 220583.94/-രൂപയാണ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നത്. ആ അക്കൌണ്ടിൽ വീണ്ടും നിക്ഷേപം നടത്തിയത് 1-10-2021- ൽ ആണ്. പ്രസ്തുത അക്കൌണ്ട് പ്രകാരം 20-7-2013 മുതൽ 1-10-2021 വരെ പലിശ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും 19-7-2013 മുതൽ 31-3-2021 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 14/2021-ന് സമർപ്പിച്ച മറുപടിയിൽ 2013-ന് ശേഷം അക്കൌണ്ട് നിഷ്ക്രിയമായതിനാൽ പലിശ ലഭിച്ചിട്ടില്ലായെന്നും, തുടർന്ന് 01-10-2021 മുതൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പ്രവർത്തനം ആരംഭിച്ചുവെന്നും, ബാങ്കിൽ നിന്നും പലിശ ലഭിക്കുന്നത് സംബന്ധിച്ച് ബാങ്ക് റീജണൽ മാനേജർക്ക് കത്ത് നൽകി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കേരളാ സ്റ്റേറ്റ് കോ.ഓപ്പറേറ്റീവ് ബാങ്ക് (കേരളാ ബാങ്ക്) നിലവിൽ സേവിംഗ്സ് അക്കൌണ്ടിൽ 6 മാസം കാലയളവിൽ നീക്കിയിരിപ്പ് തുകയ്ക്ക് 4% പലിശ നൽകുന്നുണ്ട്. നീക്കിയിരിപ്പ് തുക നിഷ്ക്രിയമായിരുന്നുവെന്നും, നാളിതുവരെ പലിശ ലഭിച്ചിട്ടില്ലായെന്നുമുള്ള പഞ്ചായത്തിന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ പഞ്ചായത്തിന്റെ പേരിൽ കേരളാ സ്റ്റേറ്റ് കോ.ഓപ്പറേറ്റീവ് ബാങ്കിൽ (കേരളാ ബാങ്ക്) 020021201200016- നമ്പരായുള്ള സേവിംഗ്സ് അക്കൌണ്ടിന് ലഭിക്കേണ്ടതായ നിയമാനുസൃത പലിശ നേടിയെടുക്കാൻ നാളിതുവരെ രേഖാമൂലം പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട പലിശ നിയമാനുസൃത നടപടി സ്വീകരിച്ച് വസൂലാക്കി ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ആഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം.

സ.ഉ(പി)നം.28/2016/ധന തീയതി 26.02.2016, സ.ഉ(പി)നം.56/2017/ധന തീയതി 28.04.2017, സ.ഉ(പി)നം.112/2018/ധന തീയതി 21.07.2018, സ.ഉ(അച്ചടി) നം.81/2019/ധന തീയതി 09.07.2019 ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഡ്രൈവർ തസ്തികക്ക് അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിന്, മേൽ ഉത്തരവുകൾ പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതുണ്ട്. കൂടാതെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. സർക്കാർ അനുമതി ലഭ്യമാകാതെ ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കുന്നതിനുണ്ടായ സാഹചര്യം വിശദമാക്കുവാനറിയിച്ച ഓഡിറ്റ് അന്വേഷണത്തിന് (30/24.02.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-17 സാമ്പത്തിക വർഷത്തിനു ശേഷമുള്ള ചെലവുകൾ - 7997/-രൂപ തടസ്സം ചെയ്യുന്നു.

എ) പഞ്ചായത്ത് ലൈബ്രറിക്ക് പത്രങ്ങൾ

ചെക്ക് നം. 498927/21.01.2021, വൗച്ചർ നം. 22000809 -16560/- രൂപ തനത് ഫണ്ട്

മേൽ പ്രകാരം പഞ്ചായത്ത് ലൈബ്രറിക്ക് പത്രങ്ങൾ വിതരണം ചെയ്ത വകയിൽ 2019 ആഗസ്റ്റ് മുതൽ 2020 ജൂൺ വരെയുള്ള കാലയളവിലേക്കുള്ള തുകയായി 16,560/- രൂപ അനുവദിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തെ കുടിശ്ശികയായ ചെലവുകൾക്കായി പ്രസ്തുത വർഷത്തെ വാർഷിക കണക്കിൽ തുക വകയിരുത്തണമെങ്കിലും, ഗ്രാമപഞ്ചായത്ത് അപ്രകാരം തുക വകയിരുത്തിയിട്ടില്ല. അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/24.02.2022) മുൻ സാമ്പത്തിക വർഷത്തെ ചെലവുകൾ കൃത്യമായി ലഭ്യമാകാത്തതിനാലാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താത്തത് എന്നു മറുപടി നൽകി. അതതു സാമ്പത്തിക വർഷത്തെ ചെലവുകൾ അതതു വർഷങ്ങളിൽ തന്നെ പൂർത്തിയാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

ബി) ഐ.സി.ഡി.പി. സബ്സെന്ററിന്റെ വാടക

ചെക്ക് നം. 522734/09.03.2021, വൗച്ചർ നം. 22000992 – 7997/- രൂപ തനതു ഫണ്ട്

മാങ്കോട്ടുകോണം വാർഡിലെ ഐ.സി.ഡി.പി. സബ്സെന്ററിന്റെ 2019 ഫെബ്രുവരി മുതൽ 2019 ഡിസംബർ വരെയുള്ള വാടക കുടിശ്ശികയിനത്തിൽ 7997/-(727*11) രൂപ അനുവദിച്ചിട്ടുണ്ട്. ഐ.സി.ഡി.പി. സബ്സെന്റർ വാടകയ്ക്കെടുത്തതു സംബന്ധിച്ച വാടക കരാർ, വാടക നിർണ്ണയിച്ചതു സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (30/24.02.2022) മറുപടി ലഭ്യമാക്കിയില്ല. മുൻ സാമ്പത്തിക വർഷത്തെ ചെലവുകൾ നിർവഹിക്കുന്നതിനായി ബാലൻസ് ഷീറ്റിൽ തുക വകയിരുത്തിയിട്ടുമില്ല. രേഖകൾ, മറുപടിയുടെ അഭാവത്തിൽ മേൽ

പ്രകാരം ചെലവു ചെയ്ത 7997/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 സാക്ഷരതാ പ്രേരകിനു ഓണറേറിയം - 15,050/-രൂപ തടസ്സം ചെയ്യുന്നു.

ചെക്ക് നം.522739/19.03.2021, വൗച്ചർ നം. 22000997 -15,050/-രൂപ തനതു ഫണ്ട്

കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ പ്രേരക്-മാരുടെ 2020 ഡിസംബർ മാസം മുതലുള്ള ഓണറേറിയം, സാക്ഷരതാ മിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് സ.ഉ. (സാധാ)നം.626/2021/തസ്വഭവ തീയതി 26.02.2021 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെയും, സാക്ഷരതാ മിഷൻ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ സാക്ഷരതാ പ്രേരകിന് 2020 ഡിസംബർ, 2021 ജനുവരി മാസങ്ങളിലെ ഓണറേറിയം ഇനത്തിൽ 15,050/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമായതിനുള്ള രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (30/24.02.2022) മറുപടി ലഭ്യമാക്കിയില്ല. സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമായതിനുള്ള രേഖകൾ/മറുപടി ലഭ്യമാക്കാത്തതിനാൽ മേൽ പ്രകാരം ചെലവു ചെയ്ത തുക തടസ്സം ചെയ്യുന്നു.

## 1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണ റിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി, മരണ രജിസ്ട്രേഷൻ നം | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| അംബികാദേവിപി | 102840202286 | വാർദ്ധക്യകാലം | 03.04.30<br>56/2020 | സസ്പെന്റ് | 5/20, 6/20 Rs 2600<br>7/20, 8/20 Rs 2600<br>9/20 Rs 1400 | 6600 |
| മേരി | 102840100947 | കർഷകതൊഴിലാളി പെൻഷൻ | 26.05.20<br>77/2020 | സസ്പെന്റ് | 7, 8/20 Rs 2600<br>9/20 Rs 1400 | 4000 |
| ആകെ | | | | | | 10600/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/20.02.2022-ന് മറുപടിയായി ടി വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-20 തൊഴിൽ രഹിത വേതന വിതരണം -അപാകതകൾ

ധനകാര്യപത്രിക പ്രകാരം തൊഴിൽ രഹിത വേതനമിനത്തിൽ 2020-21 വർഷത്തെ ചെലവ് 112920/- രൂപയാണ്. ബിൽ നം 24/15.09.2020 പ്രകാരം ഈ തുക 158 ഗുണഭോക്താക്കൾക്കാണ് നൽകിയിരിക്കുന്നത്. സ.ഉ (അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019-ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് മേൽപ്പറഞ്ഞവ തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും ടിയാളിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഓഡിറ്റിൻ ഗുണഭോക്താവിന്റെ സത്യവാങ്മൂലവും റേഷൻകാർഡിന്റെ പകർപ്പും മാത്രമാണ് ലഭ്യമാക്കിയത്. സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ( ഗുണഭോക്താവിന്റെ നിലവിലെ വരുമാനം, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം എന്നിവ ) പരിശോധിക്കാതെയാണ് 2019-20 വർഷം വേതനവിതരണം നടത്തിയിരിക്കുന്നത്. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ( നം 9/20.2.2022 ).

സർക്കാർ ഉത്തരവിന് വിധേയമായി ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചുറപ്പുവരുത്തി മാത്രം തൊഴിൽ രഹിത വേതനം നൽകേണ്ടതാണ്. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 ലോൺ തിരിച്ചടവ് -വാർഷിക ധനകാര്യപത്രിക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2020- 21 വർഷത്തിലെ വായ്പാ, വായ്പാ തിരിച്ചടവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| 2019-20-ൽ തിരിച്ച് അടവാക്കാൻ ബാക്കി AFS പ്രകാരം | 2020-21-ൽ ലഭിച്ച തുക | തിരിച്ചടച്ച തുക 2020-21-ൽ. | 2021-22 ൽ ബാക്കി AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 55509863/- | 1760000/- | AFS പ്രകാരം ഏത് Head എന്ന് വ്യക്തമല്ല. | 52529472/- | A.2019-ൽ-തിരിച്ചടവാക്കാൻ ഉള്ള തുക-57686335/-.<br>B.തിരിച്ചടവ്-2020-21-ൽ 4740391/-<br>C.ബാക്കി-54705944/- |

2020-21-ലെ ലോൺ രജിസ്റ്റർ പ്രകാരം 4740391/-രൂപ തിരിച്ചടവ് നടത്തിയിട്ടുണ്ട്. ആയത് AFS പ്രകാരം ഏത് Head-ൽ ആണെന്നും 2019-20-ൽ തിരിച്ച് അടവാക്കാൻ ബാക്കി AFS പ്രകാരം 55509863/-രൂപയും, രജിസ്റ്റർ പ്രകാരം 57686335/-രൂപയാണെന്നും, 2020-21-ലെ AFS പ്രകാരം തിരിച്ചടവാക്കാനുള്ള തുക 52529472/-രൂപയും രജിസ്റ്റർ പ്രകാരം 54705944/-രൂപയുമാണെന്നും, AFS പ്രകാരവും രജിസ്റ്റർ പ്രകാരവും തമ്മിൽ തിരിച്ചടവിൽ 2176472/-രൂപയുടെ വ്യത്യാസം ഉണ്ടായതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 23/22-ന് നൽകിയ മറുപടിയിൽ 2020-21-ൽ വികസനഫണ്ടിൽ നിന്നും 4447686/-രൂപയും, എസ്.സി.പി-യിൽ നിന്നും 278078/-രൂപയും, റ്റി.എസ്.പി-യിൽ നിന്നും 14627/-രൂപയും ഉൾപ്പടെ 4740391/-രൂപ സോഴ്സ് റിഡക്ഷൻ ആയതിനാൽ ജി.ഓ. പ്രേജക്റ്റ് വയ്ക്കുകയും ജേണൽ വൌച്ചർ വഴി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും, 2019-20 സാമ്പത്തിക വർഷത്തിൽ ലോൺ റീപേമെന്റ് ജേണൽ ചെയ്തപ്പോൾ ജനറൽ 2058824-ന് പകരം 4117648 എന്നും, എസ്.സി.പി.110294-ന് പകരം 220588 എന്നും, റ്റി.എസ്.പി.7353-ന് പകരം 14706 എന്നും ഇരട്ടിപ്പ് വന്നത് കൊണ്ടാണ് വാർഷികധനകാര്യ പത്രികയിൽ ബാലൻസ് തുകയിൽ വ്യത്യാസം വന്നതെന്നും (2058824+110294+7353 = 2176472/- (സംഖ്യകൾ കൂട്ടുമ്പോൾ-2176471)), പ്രസ്തുത അപാകം വരും സാമ്പത്തിക വർഷത്തിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. പ്രസ്തുത അപാകം പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഇൻസന്റീവ് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

| പദ്ധതിയുടെ പേരും നമ്പരും | പാലിയേറ്റീവ് കെയർ (13/2021) |
|---|---|
| അടങ്കൽ തുക | 950000 |
| ചെലവ് തുക | 841426 |
| ഫണ്ട് | വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ |

പാലിയേറ്റീവ് നഴ്സിന് 3/20 മുതൽ 6 മാസത്തേയ്ക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ഇൻസന്റീവ് നൽകുന്നതിന് സ ഉ (സാധാ) നം.1615/2020 തീയതി 07.09.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് 9/20 മുതൽ 6 മാസത്തേയ്ക്ക് കൂടി 1000/- രൂപ നൽകുന്നതിന് സ ഉ (സാധാ) നം.1820/2020 05.10.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. 12 മാസത്തേയ്ക്ക് 12000/-രൂപ ഇൻസന്റീവായി നൽകുന്നതിന് പകരം 13000/-രൂപ നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് 24.2.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.26-ന് മറുപടിയായി അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - 807910/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് പഞ്ചായത്ത് വിഹിതം 807910/-രൂപ വികസനഫണ്ടിൽ നിന്നും ബിൽ നം.17/20-21, തീയതി 19.11.20 പ്രകാരം ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി ജില്ലാ പ്രോഗ്രാം മാനേജർക്ക് മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ട്. ഈ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് 24.2.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.26(3)-ന് മറുപടിയായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നതുവരെ 8,07,910/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 മരുന്ന് ലഭ്യമായില്ല – 26083/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പദ്ധതിയുടെ പേരും നമ്പരും | ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ (/20) |
|---|---|
| അടങ്കൽ തുക | 150000/- |
| ചെലവ് തുക | 150000/- |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നം തീയതി | 2/20-21, 15.6.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പൻസറി |

മേൽ പദ്ധതി പ്രകാരം 150000/-രൂപ മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകി. ഇതിൽ 123917/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 26083/-രൂപയുടെ മരുന്ന് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് 24.02.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നം.32-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമായതിന്റെ റിപ്പോർട്ട് ഹാജരാക്കുന്നതുവരെ 26,083/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 ചെലവുരേഖകൾ /വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല- 118360/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 82/21 അനുപൂരക പോഷകാഹാര പരിപാടി (സ്പിൽ ഓവർ)

അടങ്കൽ - 345192 ( പൊതുവിഭാഗം സാധാ)

ചെലവ് - 345192 ( ബിൽ നം 3/23.04.20)

നിർവഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ

അനുപൂരക പോഷകാഹാര പരിപാടി എന്ന ഈ പ്രോജക്ടിനായി 2020-21 വർഷം പ്രോജക്ട് പ്രകാരം ചെലവഴിച്ചിരിക്കുന്ന തുകയിൽ 118360/- രൂപയുടെ വൌച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/20.022022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവു രേഖകൾ/വൌച്ചറുകൾ ഹാജരാക്കാത്തതിനാൽ 118360/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-26 റോഡ് നിർമ്മാണത്തിൽ ഫോം വർക്ക് ചെയ്യാതെ ഫോം വർക്ക് നിരക്ക് നൽകി- 1657/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

272/21, Panavilakom Keezhathi Footpath Concrete

എം ബുക്ക് നം.421/20-21

Est No. 2020/109565

TS No. 63576/2020-21, 90000/-

Agreement No. 32/AE/LSGD/KGP/20-21, 8.10.2020

കരാറുകാരൻ : Sathikumar

Cost Index : 37.93 %

ബിൽ നം : 302/26.2.2021 88929/-

ടി പ്രോജക്ടിൽ Observed Data Od236536/2019-20 പ്രകാരം ‘ Construction Of Plain Concrete Cement Pavement,thickness As Per Design...........................as Per Drawing And Technical Specification Clause 1501(with Form Work)’ എന്ന ഇനത്തിന് 37.93% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 7860.84/one M 3 എന്ന നിരക്കാണ് നൽകിയിരുന്നത്.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം Page 6 ൽ കോൺക്രീറ്റ് 1:2:4 അനുപാതത്തിൽ $10m^3$ അളവിൽ ചെയ്തിട്ടുണ്ട്. ആയത് Without Form Work On Both Sides എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Page 11 ൽ ടി പ്രവർത്തി $9.9m^3$ അളവിൽ നിജപ്പെടുത്തി Form Work ഉൾപ്പെടുന്ന 7860.84/-രൂപ നിരക്കിൽ 77,822.32/-രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന് കാരണം വ്യക്തമാക്കുന്നതിനായി 22.02.2022 തീയതി ഓഡിറ്റ് എൻക്വയറി നം.-19 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ പ്രസ്തുത പ്രവൃത്തിയിൽ ഫോം വർക്ക് ഉപയോഗിക്കാത്തതിനാൽ, ഫോം വർക്കിന്റെ തുകയായ 3% കുറച്ചിട്ടാണ് തുക നൽകിയത് എന്നാണ്. ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കാരണം ഫോംവർക്ക് ഇല്ലാത്ത പ്രവൃത്തിയിൽ, ഫോംവർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകിയതിനു ശേഷം കുറവ് വരുത്തിയാലും നിരക്ക് ഉയർന്ന് തന്നെ നിൽക്കുന്നതാണ്. ഫോം വർക്ക് ഇല്ലാത്ത നിരക്ക് ഉണ്ടായിരിക്കെ ടി നിരക്ക് മാത്രം നൽകിയിരുന്നുവെങ്കിൽ നൽകുന്ന തുക കുറവായേനെ എന്ന് മനസിലാകുന്നതാണ്.

അനുവദിക്കാവുന്ന നിരക്കും അനുവദിച്ച നിരക്കും ചുവടെ പറയുന്നു.

അനുവദിച്ച നിരക്ക് - 9.9 X 7860.84 = 77822.32

അനുവദിക്കാവുന്ന നിരക്ക് - 9.9 X 7693.48 = 76165.45

അധികം നൽകിയ തുക - 1657/-

ടി തുക തിരികെ അടവാക്കേണ്ടതാണ്.

## 1-27 സൈഡ് വാൾ നിർമ്മാണത്തിൽ ഉയർന്ന നിരക്കിൽ തുക അനുവദിച്ചു- 3675/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1. 250/21, എഴുകൊണ്ട കാണി ചിറക്കുളം റോഡ് തറവിളാകം സൈഡ് വാൾ

എം ബുക്ക് നം.660/20-21

Est No. 2020/99635

TS No. 60103/2020-21, 90000/-

Agreement No. 51/AE/LSGD/KGP/20-21, 8.10.2020

കരാറുകാരൻ : Sajin G S

Cost Index : 37.93 %

ബിൽ നം : 404/29.3.2021 49000/-

ഇവിടെ 5.362 $M^3$ DR Foundation Work നടത്തിയതിനു ശേഷം Super Structure 22.84$m^3$ DR Work ശരാശരി 1.42$m^3$ ഉയരത്തിൽ ചെയ്തിട്ടുണ്ട്. ആയതിനു ശേഷം RCC Belt 1:2:4 അനുപാതത്തിൽ 1.21$m^3$ അളവിൽ 8253.16/cum നിരക്കിൽ ചെയ്യുകയും 9986.32/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. 277/21, പൂവത്തൂർ കുളം മെയിൻന്റനൻസ്

എം ബുക്ക് നം.453/20-21

Est No. 2020/106783

TS No. 59110/2020-21, 262750/-

Agreement No. 37/AE/LSGD/KGP/20-21, 8.10.2020

കരാറുകാരൻ : Pradeep

Cost Index : 37.93 %

ബിൽ നം : 234/21.12.2020 262060/-

Tender Below 0.21 %

Page -3 പ്രകാരം 19m Side Wall ചെയ്യുന്നതിനായി .76m3(19x.4x.1) അളവിൽ RCC ചെയ്തിട്ടുണ്ട്.

Page 10 പ്രകാരം 16.2m നീളത്തിൽ RR Work നു മുകളിലായി .972 $M^3$(16.2x.6x.1) അളവിൽ RCC Belt 1:2:4 അനുപാതത്തിൽ ചെയ്യുകയും ആയവക്ക് Page 17 പ്രകാരം 7962.22/cum നിരക്കിൽ 13790.56/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അപാകതകൾ ചുവടെ പറയുന്നു.

1. ധനകാര്യവകുപ്പിന്റെ Circular No.87/2016, 18.11.2016 പ്രകാരം Pcc 1:3:6 Belt With Nominal Reinforecement After Every 2m For DR Wall എന്നു പറയുന്നു. ഈ രണ്ട് പ്രവർത്തികളിലും 1:3:6-നു പകരം 1:2:4 Belt അനുപാതമാണ് ഉപയോഗിച്ചിരിക്കുന്നത്. Estimate Report-ൽ ഈ രീതിയിൽ പ്രവർത്തി നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ലാത്തതാകുന്നു.

ടി വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി 24.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-27, 26.2.2022 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.-39 എന്നിവ നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ RCC Specification Start ചെയ്യുന്നത് 1:2:4 അനുപാതത്തിലാണ്. അതിനാലാണ് ടി അനുപാതം സ്വീകരിച്ചത് എന്നാണ്. എന്നാൽ ടി പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നിരക്ക് നൽകുകയും (6284.44/$m^3$) പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന അവസരത്തിൽ 1:2:4 അനുപാതത്തിൽ ചെയ്യുകയുമാണ് ഉണ്ടായത്.

ക്രമ നം 1 ൽ നൽകാവുന്ന നിരക്ക് - 1.21 $M^3$ X 6284.44/ $M^3$ = 7604.17

ക്രമ നം 1 ൽ നൽകിയ നിരക്ക് - 1.21 $M^3$ X 8253.16/ $M^3$ = 9986.32

അധികം നൽകിയ നിരക്ക് - 2382/-

ക്രമ നം 2 ൽ നൽകാവുന്ന നിരക്ക് - .76 M3 X 6284.44/ $M^3$ = 4776.17

ക്രമ നം 2 ൽ നൽകിയ നിരക്ക് - .76 M3 X 7962.22/ $M^3$ = 6051.28

അധികം നൽകിയ നിരക്ക് - 1275/-

ഇപ്രകാരം അധികം നൽകിയ 3657/-രൂപ (2382/- + 1275/-) ഓഡിറ്റ് തടസപ്പെടുത്തുന്നു. ആദ്യ മറുപടിയിൽ തന്നെ വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തടസ്സം നിരാകരണമായി

മാറുന്നതാണ്.

## 1-28 വിവിധ എക്സ്കവേഷൻ പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ച-22,609/-രൂപയുടെ അധിക ചെലവ് വന്നതായി വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത വിവിധ തോട് പുനരുദ്ധാരണം, കുളം പുനരുദ്ധാരണം, കാട പുനരുദ്ധാരണം (ഇറിഗേഷനുമായി ബന്ധപ്പെട്ടത്) എന്നീ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക്, എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1) എന്നതിനുള്ള നിരക്കാണ്. ഇതിന്റെ നിരക്ക് 513.07/$m^3$ ആണ്. ഡ്രെയിനുകൾക്കു ബാധകമായ നിരക്കാണ് MORD സ്പെസിഫിക്കേഷൻ പ്രകാരമുള്ള 11.1.1.1 എന്നത്. മേൽ പറഞ്ഞ പ്രവൃത്തികളിൽ DSR പ്രകാരമുള്ള 2.8.1 (തുക 229.52/$m^3$ ) എന്ന നിരക്ക് നൽകിയാൽ മതിയാകുന്നതാണ്. സമാന സ്വഭാവമുള്ള ടി പഞ്ചായത്തിന്റെ തന്നെ നിരവധി പദ്ധതികളിൽ 2.8.1 എന്ന സ്പെസിഫിക്കേഷനാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രോജക്ടുകളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ, അനുവദിച്ചതും, അനുവദിക്കാവുന്നതും സംബന്ധിച്ച വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി വിവരങ്ങൾ | എക്സ്കവേഷന്റെ അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക ( Tender Below കുറച്ചത്) |
|---|---|---|---|---|---|
| 1 | വാറുവിള തോട് പുനരുദ്ധാരണം<br>പ്രോജക്ട് നം. 266/21<br>എം ബുക്ക് നം.649/20-21, Page 1, 13<br>Est No. 2020/99884<br>TS No. 59094/ 2020-21, 1,62,750/-<br>Agreement No.38/AE/ LSGD/KGP/20-21, 8.10.2020<br>കരാറുകാരൻ : Pradeep<br>Cost Index : 37.93%<br>ബിൽ നം : 332/10.3.2021 143695/-<br>Tender Below -0.1% | 9.76$m^3$ | 9.76 X 513.07 =4826.96 | 9.76 X 229.52 =2159.32 | 2664.97/- |
| 2 | പൊറുത്താൽ തോട്, കുര്യാനിക്കൽ തോട് പുനരുദ്ധാരണം<br>പ്രോജക്ട് നം. 276/21<br>എം ബുക്ക് | 33.05$m^3$ | 33.05 X 513.07 = 16956.96 | 33.05 X 229.52 = 7585.64 | 7555.3/- |

| | | | | | | |
|---|---|---|---|---|---|---|
| | നം.394/20-21, Page 1, 14<br>Est No. 2020/106778<br>TS No. 60107/ 2020-21, 3,87,750/-<br>Agreement No.58/AE/ LSGD/KGP/20-21, 9.10.2020<br>കരാറുകാരൻ : Komalakumaran<br>Cost Index : 37.93%<br>ബിൽ നം : 310/1.3.2021 384221/-<br>Tender Below -0.4% | | | | | |
| 3 | വഴതോട്ട്കോണം തോട് പുനരുദ്ധാരണം<br>പ്രോജക്റ്റ് നം. 284/21<br>എം ബുക്ക് നം.616/20-21, Page 1, 6<br>Est No. 2020/109576<br>TS No. 67334/ 2020-21, 187700/-<br>Agreement No.52/AE/ LSGD/KGP/20-21, 8.10.2020<br>കരാറുകാരൻ : Sathikumar<br>Cost Index : 37.93%<br>ബിൽ നം : 309/1.3.2021 186551/-<br>Tender Below -0.5% | 15.44m$^3$ | 15.44 X 513.07 = 7921.8 | 15.44 X 229.52 = 3543.79 | 3526.09/- | |
| 4 | മൂവിലാകം ചാരുവിളാകം തോട് പുനരുദ്ധാരണം<br>പ്രോജക്റ്റ് നം. 273/21<br>എം ബുക്ക് നം.648/20-21, Page 1, 20<br>Est No. 2020/106758<br>TS No. 63572/2020-21, 262700/-<br>Agreement No.35/AE/ LSGD/KGP/20-21, | 10.18m$^3$ | 10.18 X 513.07 = 5223.05 | 10.18 X 229.52 = 2336.51 | 2331.84/- | |

| | | | | | |
|---|---|---|---|---|---|
| | 8.10.2020<br>കരാറുകാരൻ : Pradeep<br>Cost Index : 37.93%<br>ബിൽ നം : 333/10.3.2021 257302/-<br>Tender Below -0.2% | | | | |
| 5 | വാഴത്തോട്ടുകോണം കുളം പുനരുദ്ധാരണം<br>പ്രോജക്റ്റ് നം. 283/21<br>എം ബുക്ക് നം.408/20-21, Page 1,10<br>Est No. 2020/108467<br>TS No. 64929/ 2020-21, 200000/-<br>Agreement No.33/AE/ LSGD/KGP/20-21, 8.10.2020<br>കരാറുകാരൻ : Sathikumar<br>Cost Index : 37.93%<br>ബിൽ നം : 238/29.12.2020 199249/-<br>Tender Below -0.2% | $13.42m^3$ | 13.42 X 513.07 =6885.34 | 13.42 X 229.52 = 3080.16 | 3074/- |
| 6 | പത്താവൻകോട് ഒറ്റവീട് കാട പുനരുദ്ധാരണം<br>പ്രോജക്റ്റ് നം. 286/21<br>എം ബുക്ക് നം.444/20-21, Page 2, 15<br>Est No. 2020/108483<br>TS No.62241/ 2020-21, 262700/-<br>Agreement No.46/AE/ LSGD/KGP/20-21, 8.10.2020<br>കരാറുകാരൻ : Sajin G S<br>Cost Index : 37.93%<br>ബിൽ നം : 407/29.3.2021 260324/-<br>Tender Below -0.4% | $15.12m^3$ | 15.12 X 513.07 = 7757.62 | 15.12 X 229.52 = 3470.34 | 3456.46/- |

ആകെ : 22,608.66/-

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 21.2.2022തീയതിയിൽ ഓഡിറ്റ് എൻക്വയറി

നം.- 11 നൽകിയിരുന്നു. ആയതിന് 22.2.2022-ൽ മറുപടി നൽകിയിട്ടുണ്ട്. ആയതിൽ 11.1.1.1. Mord Specification ഡ്രെയിൻ, സംരക്ഷണഭിത്തി എന്നിവയുടെ എക്സ്കവേഷൻ റേറ്റ് ആയാണ് നൽകുന്നത് എന്നാണ്. എന്നാൽ ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ DSR പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടിയിരുന്നത്. ആയതിനാൽ ടി മറുപടി ഓഡിറ്റിന് അംഗീകരിക്കാൻ കഴിയില്ല. ഏത് സാഹചര്യത്തിൽ ആണ് പ്രസ്തുത നിരക്ക് നല്കിയതെന്നതിന്റെ വ്യക്തമായ വിശദീകരണം ലഭ്യമാക്കണം. അല്ലാത്തപക്ഷം ടി ഇനത്തിൽ അധികം നൽകിയ 22,609/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നതായിരിക്കും.

## 1-29 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമപഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു, കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 22.2.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-20 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിൽ പറയുന്ന നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു- അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കേണ്ടതാണ്.

അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്രവിഹിതത്തിൽ തൻവർഷം 19,95,503/- രൂപ നീക്കിയിരിപ്പുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1706247 |
| വരവ് | 897482 |
| ആകെ | 2603729 |
| ചെലവ് | 608226 |
| നീക്കിയിരുപ്പ് | 1995503 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ മേൽ പറഞ്ഞ ആവശ്യങ്ങൾക്കായി ശേഷിച്ച കേന്ദ്രവിഹിതം വിനിയോഗിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 16/22.02.2022) മറുപടിയായി ബാക്കി തുക 2021-22 വർഷം ചെലവഴിക്കുന്നതാണെന്ന് മറുപടി നൽകി.
ഗ്രാമപഞ്ചായത്ത് പരിധിയിയിൽ 28 അങ്കണവാടികൾ പ്രവർത്തിക്കുന്നതായും, അതിൽ 15 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും, ചുറ്റമതിൽ ഇല്ലാത്ത 10 എണ്ണം പ്രവർത്തിക്കുന്നതായും അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളെ കുറിച്ച് വിശദമാക്കാൻ ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ് 16/2022-ന് നൽകിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നായ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും, കെട്ടിടവും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വരും വർഷത്തെ പദ്ധതികളിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി വസ്തു ലഭ്യമാക്കി ചുറ്റമതിലോടുകൂടിയ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 സി.എഫ്.എൽ.റ്റി.സി-ക്കായി വാങ്ങിയ പുനരുപയോഗിക്കാവുന്ന ഉപകരണങ്ങൾ ഉപയോഗപ്രദമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ക്രമീകരിച്ച സി.എഫ്.എൽ.റ്റി.സി.യിലെ ആവശ്യത്തിലേക്കായി 80 കട്ടിലുകൾ, അനുബന്ധ സാധനങ്ങൾ 1,60,000/-രൂപ ( ചെക്ക് നം. 450530 തീയതി 30.07.2020) ചെലവിൽ വാങ്ങിയിരുന്നു. സി.എഫ്.എൽ.റ്റി.സി.യുടെ പ്രവർത്തനം നിലച്ച ശേഷം ഇതിൽ പുനരുപയോഗിക്കുവാൻ സാധിക്കുന്ന സാധനങ്ങൾ ഉപയോഗപ്പെടുത്തിയത് സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/25.02.2022) മേൽ പ്രകാരം വാങ്ങിയ കട്ടിലുകൾ ഗ്രാമപഞ്ചായത്തിന്റെ ധനശ്രീ ഓഡിറ്റോറിയത്തിൽ സൂക്ഷിച്ചിട്ടുള്ളതായി മറുപടി നൽകി. മേൽ ഉപകരണങ്ങൾ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ളപക്ഷം, ഭരണസമിതിയുടെ അനുവാദത്തോടെയും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചും വിതരണം ചെയ്ത് ഉപയോഗപ്രദമാക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-32 പകൽവീടുകൾ പ്രവർത്തിക്കുന്നില്ല.

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പാങ്കോട്ടുകോണം, കൊറ്റാമം എന്നീ സ്ഥലങ്ങളിലായി രണ്ടു പകൽവീടുകൾ നിർമ്മിച്ച് ഗ്രാമപഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. എന്നാൽ നിലവിൽ രണ്ടു പകൽവീടുകളും പ്രവർത്തിക്കാത്തതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (നം.13/22.02.2022) സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പകൽവീടുകൾ പ്രവർത്തിപ്പിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതും, വിശദാംശം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-33 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായില്ല – 2,36,052/-രൂപ തടസ്സം ചെയ്യുന്നു.

നിക്ഷേപ പ്രവൃത്തികൾക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണാധികാരിയായി ചെലവു ചെയ്ത ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ രേഖകൾ ഇതുവരെയും ലഭ്യമായിട്ടില്ല.

| പ്രോ. നം., പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നം., തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 50/21 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 46820 | വികസന ഫണ്ട് ജനറൽ | 4/11.05.2020-11841<br>11/25.06.2020-6684<br>15/16.07.2020-12269<br>16/27.07.2020-16026 | കെ.എസ്.ഇ.ബി. |
| 173/21 പള്ളിവിള എസ്.സി. കോളനി | 24999 | വികസന ഫണ്ട് | 9/16.06.2020-24999 | കെ.എസ്.ഇ.ബി. |

| | | | | |
|---|---|---|---|---|
| (എയ്യകൊണ്ടകാണി)ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | എസ്.സി.പി. | | |
| 238/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 49914 | ധനകാര്യ കമ്മിഷൻ അവാർഡ് | 13/14.07.2020-49914 | കെ.എസ്.ഇ.ബി. |
| 164/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എയ്യകൊണ്ടകാണി വാർഡ്) | 44840 | ധനകാര്യ കമ്മിഷൻ അവാർഡ് | 14/14.07.2020-44840 | കെ.എസ്.ഇ.ബി. |
| 291/21 വാറുതട്ട് ലൈൻ എക്സ്റ്റൻഷൻ (വാർഡ് 13) | 14479 | ധനകാര്യ കമ്മിഷൻ അവാർഡ് | 23/15.09.2020-14479 | കെ.എസ്.ഇ.ബി. |
| 46/21 പഞ്ചായത്ത് ഓഫീസിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ | 55000 | വികസന ഫണ്ട് ജനറൽ തനതു ഫണ്ട് | 5/11.05.2020 -50000 ചെക്ക് നം. | പൊതുമരാമത്ത് വകുപ്പ് |
| ആകെ | 181052/- | | | |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

എ) സർക്കുലർ നം.ഡിഎ1/881/2018 തസ്വഭവ തീയതി 28.12.2018 പ്രകാരം കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറാവുന്നത്. ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് ലഭ്യമാക്കാതെ, തുക കൈമാറുവാനുള്ള അറിയിപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക കൈമാറിയിട്ടുള്ളത്.

ബി) പ്രവൃത്തിക്കായി കെ.എസ്.ഇ.ബി., പൊതുമരാമത്ത് വകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല.

സി) പ്രവൃത്തി പൂർത്തീകരിച്ചതിനുള്ള രേഖകൾ, ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഗ്രാമപഞ്ചായത്തിനു ലഭ്യമാക്കിയിട്ടില്ല.

ഡി) പ്രവൃത്തിയുടെ നിർവഹണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമല്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നം.3/19.02.2022, 17/22.02.2022) ആദ്യത്തേതിന് പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകി ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ, ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പ്രവൃത്തികളുടെ കാര്യക്ഷമമായ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 236052/-രൂപ തടസ്സം ചെയ്യുന്നു.

## 1-34 കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ - നടപടിക്രമങ്ങളിലെ അപാകങ്ങൾ.

കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് ഉപയോഗിച്ച് 5 പദ്ധതികൾ നിർവഹിച്ചിട്ടുണ്ട്. വിശദാംശം ചുവടെ.

| പ്രോ.നം., പേര് | ചെലവു തുക | ചെക്ക് നം./ തീയതി | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 303/21 പഞ്ചായത്ത് ഓഫീസിൽ ലാപ്ടോപ്പ് വാങ്ങൽ | 34700 | 1199815/30.01.2021 | 1 ലാപ് ടോപ്പ് |
| 307/21 എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിന് ഡബിൾ സൈഡ് പ്രിന്റർ | 12900 | 522725/05.03.2021 | 1 Brother Printer |
| 304/21 എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽ കമ്പ്യൂട്ടർ വാങ്ങൽ | 77600 | 1199818/30.01.2021 | 2 ഡെസ്ക്ടോപ്പുകൾ |
| 306/21 പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങൽ | 38800 | 1199816/30.01.2021 | 1 ഡെസ്ക്ടോപ്പ് |
| 305/21 ഫ്രണ്ട് ഓഫീസിൽ ഡബിൾ സൈഡ് പ്രിന്റർ വാങ്ങൽ | 12900 | 1199817/30.01.2021 | 1 Canon Printer |
| ആകെ | 176900/- | | |

വാങ്ങൽ നടപടികളിലെ അപാകങ്ങൾ ചുവടെ.

എ) സ.ഉ.(പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം ഒരു വർഷത്തേക്ക് ആവശ്യമായ സാധന സാമഗ്രികളുടെ വിവരം മുൻകൂട്ടി തിട്ടപ്പെടുത്തിയ ശേഷമാണ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത്. ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയ ശേഷം മേൽ അഞ്ചു വാങ്ങലുകൾക്കുമായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനു പകരം വിവിധ പദ്ധതികളായി നടപ്പാക്കിയതിലൂടെ പദ്ധതി തുകയ്ക്ക് നഷ്ടമുണ്ടായി.

ബി) ഇലക്ട്രോണിക്സും വിവരസാങ്കേതികവും വിദ്യ (ഐടി സെൽ) വകുപ്പിന്റെ 18.03.2019 ലെ നം.ഐറ്റിസെൽ-1/26/2019 /വി.സ.വ സർക്കുലർ പ്രകാരം ഐറ്റി ഉപകരണങ്ങളുടെ വാങ്ങൽ സർക്കാരിന്റെ സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് സംവിധാനത്തിന്റെ പോർട്ടലിലൂടെ (Www.cprcs.kerala.gov.in) മാത്രമാണ് നിർവഹിക്കേണ്ടത്. എന്നാൽ മേൽ പദ്ധതികൾക്കായി ക്വട്ടേഷൻ നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്.

സി) സാധനങ്ങൾ ലഭ്യമായ ശേഷം മാത്രമാണ് തുക കൈമാറേണ്ടത് എങ്കിലും, പദ്ധതി പ്രകാരം തുക കൈമാറിയ ശേഷം മാത്രമാണ് കമ്പ്യൂട്ടറുകളും ഉപകരണങ്ങളും ലഭിച്ചിട്ടുള്ളത്.

ഡി) സാധനങ്ങൾ ഇൻസ്റ്റാൾ ചെയ്തതിനും, സ്റ്റോക്കിലെടുത്തതിനുമുള്ള രേഖകൾ ലഭ്യമായില്ല.

ഇ) 307/21 എം.ജി.എൻ.ആർ.ഇ.ജി.എസ്.വിഭാഗത്തിന് ഡബിൾ സൈഡ് പ്രിന്റർ വാങ്ങൽ പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ Aeirosoft-ന്റെ 12550/-രൂപയുടെ ക്വട്ടേഷനാണ് അംഗീകാരം നൽകിയത്. എന്നാൽ ടി സ്ഥാപനത്തിന് 12900/- രൂപ അനുവദിച്ചു.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.02.2022) നിലവിലുണ്ടായിരുന്ന കമ്പ്യൂട്ടറുകൾ കേടായതിനാലും, പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ നൽകേണ്ടതുള്ളതിനാലുമാണ് അടിയന്തിരമായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് കമ്പ്യൂട്ടറുകളും ഉപകരണങ്ങളും വാങ്ങിയത് എന്നു മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല.

## 1-35 വിനിയോഗ രേഖകൾ ലഭ്യമായില്ല – 494825/- രൂപ തടസ്സം ചെയ്യുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണാധികാരിയായ പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| പ്രോ.നം., പേര് | ചെലവ് തുക | ബിൽ നം., തീയതി | ഫണ്ടിനം |
|---|---|---|---|

| | | | |
|---|---|---|---|
| 129/21 എസ്.എസ്.എ. വിഹിതം അടവാക്കൽ | 300000 | 8/26.05.20 | വികസനഫണ്ട് |
| 174/21 തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണ സംവിധാനം- പഞ്ചായത്ത് വിഹിതം നൽകൽ | 100000 | 36/10.02.2021 | സി.എഫ്.സി. |
| 1/21 ഐ.കെ.എം. വിഹിതം നൽകൽ | 94825 | 6/19.05.2020 | വികസനഫണ്ട് |
| ആകെ | 494825/- | | |

വിനിയോഗ രേഖകൾ ലഭ്യമല്ലാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/22.02.2022) മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. വിനിയോഗ രേഖകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 494825/- രൂപ തടസ്സം ചെയ്യുന്നു.

## 1-36 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - 1,25,999/-രൂപ തടസ്സം ചെയ്യുന്നു.

പ്രോ. നം.51/21 പൂവത്തൂർ വാർഡിൽ മിനി ഹൈമാസ്റ്റ് ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ)

ഫണ്ടിനം - വികസന ഫണ്ട് പൊതു വിഭാഗം + ബ്ലോക്ക് പഞ്ചായത്ത് വിഹിതം

അടങ്കൽ തുക - 10000 + 116744/-

ചെലവു തുക - 10000 + 115999/-

ബിൽ നം. - 12/03.07.2020 - 10000

ചെക്ക് നം., തീയതി - - 115999

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ 3 ടെണ്ടറുകൾ ലഭിച്ചതായും, കുറഞ്ഞ നിരക്കു ക്വോട്ട് ചെയ്ത ശ്രീ.കെ.എസ്. പ്രസാദ്, എസ്.കെ. ഇലക്ട്രിക്കൽസ് എന്നയാളുടെ ടെണ്ടർ അംഗീകരിച്ചതായും ഭരണസമിതിയുടെ 25.03.2020 തീയതിയിലെ നം. 2(3) തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പൂവത്തൂർ വാർഡിൽ 11 എൽ.ഇ.ഡി. ലൈറ്റുകളും, 4 മിനി മാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചതായി വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയും കാണുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്കു ലഭ്യമായില്ല.

എ) പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിനുള്ള രേഖകൾ, ലഭ്യമായ ടെണ്ടറുകൾ, ടെണ്ടർ രജിസ്റ്റർ, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് തുടങ്ങിയവ.

ബി) പ്രവൃത്തിക്കായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ ശ്രീ.കെ.എസ്. പ്രസാദ്, എസ്.കെ. ഇലക്ട്രിക്കൽസ് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുമായി സ്ഥാപിച്ചിട്ടുള്ള അസൽ കരാർ.

സി) ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതു സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിന്റെ സാക്ഷ്യപത്രം.

ഡി) ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതുമായി ബന്ധപ്പെട്ട ഊർജ്ജം വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട്.

ഇ) പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തു വിഹിതമായി 116744/-രൂപ ഗ്രാമപഞ്ചായത്തിനു ലഭ്യമായിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവഴിച്ച 1,15,999/- രൂപയിൽ ബാക്കിയുള്ള തുക ബ്ലോക്ക് പഞ്ചായത്തിനു തിരികെ നൽകിയതിനുള്ള രേഖകൾ.

രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/22.02.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ/മറുപടിയുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവു ചെയ്ത തുക 1,25,999/-രൂപ തടസ്സംചെയ്യുന്നു.

## 1-37 പദ്ധതി തുകയിൽ നിന്നും ഓണറേറിയം - 1,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോ. നം. 37/21 പ്രീപ്രൈമറി ടീച്ചർ, ആയ ഓണറേറിയം

ഫണ്ടിനം - വികസന ഫണ്ട് പൊതുവിഭാഗം

അടങ്കൽ തുക - 1,80,000/-

ചെലവ് തുക - 1,80,000/-

ബിൽ നം., തീയതി- 1/20, 13.08.2020 - 18000

2/20, 13008.2020 - 18000

3/20, 27.08.2020 - 18000

5/20, 09.10.2020 - 18000

6/20, 25.11.2020 - 18000

8/20, 15.11.2020 - 18000

10/20, 06.02.2021 - 18000

12/20, 10.02.2021 - 18000

13/20, 15.03.2021 - 18000

16/20, 30.03.2021 - 18000

നിർവഹണാധികാരി- ഹെഡ് മാസ്റ്റർ

സ.ഉ. (കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ, ഓണറേറിയമോ നൽകുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾക്ക വിരുദ്ധമായി മേൽപദ്ധതിയിലൂടെ ചെലവ് ചെയ്യുവാനുണ്ടായ സാഹചര്യം അന്വേഷിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/19.02.2022) വികസനഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്ന വിധം പ്രോജക്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശം ഉണ്ടായത് എന്നും പരിശോധിക്കുന്നതാണെന്നും മറുപടി നൽകി. പദ്ധതി നിർദ്ദേശങ്ങൾക്ക വിരുദ്ധമായി ചെലവ് ചെയ്തത് അംഗീകരിക്കുന്നില്ല. പദ്ധതി ചെലവിനു സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. 1,80,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-38 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ - വാങ്ങൽ നടപടികളിലെ അപാകങ്ങൾ - 12600/- രൂപ തടസ്സം ചെയ്യുന്നു.

(1) പ്രോ. നം.63/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (സ്പിൽഓവർ)

ഫണ്ടിനം - വികസനഫണ്ട് (എസ്.സി.പി)

അടങ്കൽ തുക - 60,700/-

ചെലവ് തുക - 49,930/-

നിർവഹണാധികാരി- ഹെഡ് മാസ്റ്റർ

ബിൽ നം.,തീയതി - 11/20, 06.02.2021

സ്പിൽ ഓവർ പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ രണ്ട് ഉബുണ്ടു ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.

എ) ഇലക്ട്രോണിക്സും വിവരസാങ്കേതികവും വിദ്യ (ഐടി സെൽ) വകുപ്പിന്റെ 18.03.2019 ലെ നം.ഐറ്റിസെൽ-1/26/2019 /വി.സ.വ സർക്കുലർ പ്രകാരം ഐറ്റി ഉപകരണങ്ങൾ സർക്കാരിന്റെ സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് സംവിധാനത്തിന്റെ പോർട്ടലിലൂടെ (Www.cprcs.kerala.gov.in) മാത്രമാണ് നിർവഹിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയിൽ ലാപ്ടോപ്പ് വാങ്ങിയിട്ടുള്ളത് പവർ സി.എം.എസ് ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നുമാണ്.

ബി) പവർ സി.എം.എസ് ടെക്നോളജിയുടെ 19.01.2021-ലെ ഇൻവോയിസ് പ്രകാരം 06.02.2021-ൽ സ്ഥാപനത്തിന് തുക കൈമാറിയെങ്കിലും ലാപ്ടോപ്പ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളത് 01.04.2021 ലും, 16.09.2021 ലുമാണ്. ലാപ്ടോപ്പ് ലഭ്യമാക്കി വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായി.

സി) സർക്കുലർ നം. ഡി.എ.1/363/2019 തസ്വഭവ തീയതി 20.01.2020 പ്രകാരം വിദ്യാർത്ഥികളുടെ ആവശ്യത്തിനു വേണ്ടി വിതരണം ചെയ്യേണ്ട ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ സർക്കാർ സ്പഷ്ടമാക്കിയിട്ടുണ്ട്. പ്രസ്തുത സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പ് അല്ല തദ്ദേശസ്ഥാപനം വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/19.02.2022) ടെക്നിക്കൽ എക്സ്പർട്ടിന്റെ

സഹായത്തോടുകൂടിയാണ് സ്പെസിഫിക്കേഷൻ അംഗീകരിച്ചത് എന്ന മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് നടത്തിയ വാങ്ങലിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(2) പ്രോ. നം. 62/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ ( സ്റ്റീൽഓവർ)

ഫണ്ടിനം - വികസനഫണ്ട് (എസ്.സി.പി)

അടങ്കൽ തുക - 3,90,000/-

ചെലവ് തുക - 1,48,680/-

നിർവഹണാധികാരി- ഹെഡ് മാസ്റ്റർ

ബിൽ നം.,തീയതി - 18/20, 31.03.2021

പദ്ധതി പ്രകാരം 30 മേശ, കസേരകൾ ആർട്ട്കോയിൽ നിന്നും യഥാക്രമം 2520/-, 1680/- യൂണിറ്റ് നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.

എ) ആനുകൂല്യത്തിനായുള്ള അപേക്ഷകളോടൊപ്പം വിദ്യാർത്ഥികൾക്ക് എസ്.സി./എസ്.റ്റി. വകുപ്പിൽ നിന്നോ മറ്റു സ്രോതസ്സിൽ നിന്നോ മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഉൾക്കൊള്ളിച്ചിട്ടില്ല.

ബി) അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ് പദ്ധതി ആനുകൂല്യം അനുവദിക്കാവുന്നത്. എന്നാൽ, വരുമാന സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധിക്കാതെ, സർക്കാർ ഉദ്യോഗസ്ഥരുടെ മക്കൾക്ക് ആനുകൂല്യം അനുവദിച്ചു. അപേക്ഷകരുടെ പേര് - അനുരാഗ് എൽ.എൽ., ബോബി ജെ., നയന എസ് ആനന്ദ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/19.02.2022) എസ്.സി-എസ്.ടി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങണമെന്ന ധാരണകുറവുണ്ടെന്നും, വരുമാന സർട്ടിഫിക്കറ്റിനു നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറുപടി നൽകി.

2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായ 30 ഗുണഭോക്താക്കൾക്കും മുൻപ് സമാനമായ പദ്ധതി ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. കൂടാതെ, വരുമാന സാക്ഷ്യപത്രം ലഭ്യമല്ലായിരുന്ന മൂന്നു വിദ്യാർത്ഥികളുടെയും വാർഷിക വരുമാന സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. വാർഷിക വരുമാന സാക്ഷ്യപത്രം ലഭ്യമാക്കാതെ ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥികൾക്കായി ചെലവു ചെയ്ത തുക 12,600/- (4200x3) രൂപ തടസ്സംചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -(തദ്ദേശ സ്ഥാപനം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം )

| വിഹിതംനൽകിയ സ്ഥാപനം | 2020-21-ൽ ലഭിച്ച തുക | പ്രേജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 127500/- | നെൽകൃഷി | 102000/- | 25500/- |

| | | | | |
|---|---|---|---|---|
| | | വികസനം | | |
| ബ്ലോക്ക് പഞ്ചായത്ത് | 400000/- | ലൈഫ് ജനറൽ | 360000 | 40000/- |
| ബ്ലോക്ക് പഞ്ചായത്ത് | 80000/- | ലൈഫ് എസ്.റ്റി | 40000/- | 40000/- |
| ബ്ലോക്ക് പഞ്ചായത്ത് | 69750/- | സ്നേഹസ്പർശം | 0 | 69750/- |
| ബ്ലോക്ക് പഞ്ചായത്ത് | 306375/- | സ്നേഹസ്പർശം | 306375/- | 0 |
| ജില്ലാ പഞ്ചായത്ത് | 306375/- | സ്നേഹസ്പർശം | 306375/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1500000/- | ലൈഫ് ജനറൽ | 1500000/- | O |
| ജില്ലാ പഞ്ചായത്ത് | 4500000/- | ലൈഫ് ജനറൽ | 4500000/- | O |
| ബ്ലോക്ക് പഞ്ചായത്ത് | 400000/- | ക്ഷീര സമൃദ്ധി,ജനറൽ | 350000/- | 5000/- |
| ജില്ലാ പഞ്ചായത്ത് | 400000/- | ക്ഷീര സമൃദ്ധി,ജനറൽ | 250000/- | 15000/- |
| ബ്ലോക്ക് പഞ്ചായത്ത് | 400000/- | ക്ഷീര സമൃദ്ധി,വനിത | 400000/- | 0 |
| ജില്ലാ പഞ്ചായത്ത് | 400000/- | ക്ഷീര സമൃദ്ധി,വനിത | 400000/- | 0 |

| വിഹിതം നൽകിയ സ്ഥാപനം | 2019-20 B4 പ്രകാരം മുന്നിരിപ്പ് | 2020-21 RP-7,RP-31പ്രകാരം വരവ് | ആകെ | 2020-21-ലെ B4ഷെഡ്യൂൾ പ്രകാരം നീക്കിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (320700104) | 105775/- | 3671385/-(RP-7) | 3777160/- | 105775/- |
| ബ്ലോക്ക് പഞ്ചായത്ത് (320700204) | 1812180/- | 200000/-(RP-31) | 2012180/- | 1626431/- |
| ജില്ലാ പഞ്ചായത്ത് (320700205) | 172315/- | 6088210/-(RP-7) | 6260525/- | 172315/- |
| ബ്ലോക്ക് പഞ്ചായത്ത് (320700404) | 495964/- | | | 695964/- |
| ജില്ലാ പഞ്ചായത്ത് (320700205) | 40800/- | 1000000/-RP-31 | 1040800/- | 1040800/- |

## 4-2 നിക്ഷേപ പ്രവർത്തനങ്ങൾക്ക് നൽകിയ തുകയുടെ വിവരം

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം (സ്റ്റേറ്റ്മെൻറ് പ്രകാരം).

| പ്രോജക്ട് നമ്പരും പേരും | ഏജൻസി | ഫണ്ട് | നൽകിയ തുക | ചെലവ് തുക | ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| 50 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | ജനറൽ | 144000/- | 46820 | 97180/- |
| 164 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | ജനറൽ | 44840 | 44840 | 0 |
| 173 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | എസ്.സി.പി | 25000 | 24999 | 1 |
| 238 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | ജനറൽ | 55082 | 49914 | 5168 |
| 291 ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | ജനറൽ | 20582 | 14479 | 6103 |
| 46/21 പഞ്ചായത്ത് ഓഫീസിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ | പൊതുമരാമത്ത് വകുപ്പ് | വികസന ഫണ്ട് ജനറൽ<br>തനതു ഫണ്ട് | 55000 | 0 | 55000 |

നിക്ഷേപപ്രവർത്തനങ്ങൾക്ക് നൽകിയ തുക-എ.എഫ്.എസ് പ്രകാരം.

| ഏജൻസി | 2019-20<br>B-18 പ്രകാരം മുന്നിരിപ്പ് | 2021-21<br>വർഷത്തെ നിക്ഷേപം<br>Rp-47 പ്രകാരം | 2020-21-<br>B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| വാട്ടർ അതോറിറ്റി | 1500000/- | 0 | 1500000/- |
| കെ.എസ്.ഇ.ബി. | 2267725/- | 191052/- | 2458777/- |
| ഗ്രൌണ്ട് വാട്ടർ ഡി. | 165000/- | 0 | 165000/- |

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഡെപ്പോസിറ്റ്, നീക്കിയിരിപ്പ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകത ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

2020-21 വർഷത്തിൽ വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടവാക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം.

| വായ്പാ | 2019-20ൽ | 2020-21- | 2020-21-ൽ | വർഷാസാവസാനം |
|---|---|---|---|---|

| ഇനം | തിരിച്ചടവാക്കാനുള്ള തുക | ൽ ലഭിച്ച തുക | തിരിച്ച് അടച്ച തുക | തിരിച്ചടവാക്കാനുള്ള തുക |
|---|---|---|---|---|
| KUDCO | 55509863/- | 1760000/- | 4740391/-(സോഴ്സ് ഡിഡക്ഷൻ എന്ന് മറുപടി നൽകി) | 52529472/- |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റി റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ എ.എഫ്.എസ്.പ്രകാരം) | : | 99811069/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 86853442/- |
| നീക്കിയിരിപ്പ് | | 12957627/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2030208/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 7997 | സെക്രട്ടറി |
| 1-18 | 15050 | സെക്രട്ടറി |

| | | |
|---|---|---|
| 1-23 | 807910 | മെഡിക്കൽ ഓഫീസർ |
| 1-24 | 26083 | മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-25 | 118360 | ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-26 | 1657 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 3675 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 236052 | സെക്രട്ടറി |
| 1-35 | 494825 | സെക്രട്ടറി |
| 1-36 | 125999 | സെക്രട്ടറി |
| 1-37 | 180000 | സെക്രട്ടറി |
| 1-38 | 12600 | ഹെഡ് മാസ്റ്റർ |
| ആകെ | 2030208/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസ വും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവി ലാസം |
|---|---|---|
| ശ്രീ ഷാജികുമാർ , സെക്രട്ടറി | സെക്രട്ടറി, കൊല്ലയിൽ ഗ്രാമപഞ്ചായത്ത് | എസ്.എസ്.ഭവൻ തിരുപുറം, തിരുപുറം പി.ഓ. |
| മെഡിക്കൽ ഓഫീസർ | | ഡോ.അനുരാധ.എ.<br>ശിവഭവൻ, നസീശാലൈൻ,<br>ഹോസ്പിറ്റൽ ലൈൻ പാറശ്ശാല ജംഗ്ഷൻ, പാറശ്ശാല.പി.ഓ. |
| മെഡിക്കൽ ഓഫീസർ ഹോമിയോ | | ഡോ.റീജ.<br>രാം വില്ല. മസ.മേപ്പുകാട.പി.ഓ. |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.സിന്ധു.വി.ജെ.ജഗനാഥ്, ചൂഴാറ്റുകോണം, മലയം പി.ഓ. |
| ഐ സി ഡി എസ് സൂപ്പർവൈസർ | | ശ്രീമതി.വിജയശ്രീ.എം.<br>പനങ്കോട്ടുകോണം മേലെ പുത്തൻവീട്, അന്തീയൂർകോണം.<br>കൊല്ലോട് പി.ഓ.<br>ശ്രീമതി.വിജയറാണി, അൾത്താര, മലയം, മലയം പി.ഓ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.2/898/02, തീയതി.11.06.2014 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1684/04, തീയതി.11.06.2014 | 2 | |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18, തീയതി.22.05.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18, തീയതി.22.05.2018 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18, തീയതി.22.05.2018 | 1 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1676 /2016, തീയതി. | 6 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18, തീയതി 22.05.2018 | 20 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2064/19, തീയതി 28.01.2020 | 29 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്